# ആശാൻ ദേശീയ സാംസ്കാരികോത്സവം – 2009

തിരുവനന്തപുരം

**28.12.2009**

ആശാൻ ദേശീയ സാംസ്കാരികോത്സവം – 2009 ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. മഹാകവി കുമാരനാശാന്റെ ദീപ്തസ്മരണ അർഹമാംവിധം നിലനിർത്താനും അതിൽനിന്നും തലമുറകൾക്ക് പ്രചോദനം പകരാനും പര്യാപ്തമായവിധത്തിൽ തോന്നക്കലിലെ ആശാൻ സ്മാരകത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ എല്ലാ വർഷവും ദേശീയ സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നത്. ആശാൻ സ്മാരകത്തിന്റെ വളർച്ചയ്ക്ക് സംസ്ഥാനഗവൺമെന്റ് കഴിയാവുന്ന എല്ലാ സഹായവും നൽകുന്നതാണ്.

മലയാള സാഹിത്യത്തിൽ ഒരു വിപ്ലവത്തിന്തന്നെ തുടക്കം കുറിച്ച മഹാകവിയാണ് കുമാരനാശാൻ. ആശാന്റെ ആദ്യത്തെ ഏറ്റവും മഹത്തായ കാവ്യമായ വീണപൂവിന്റെ നൂറാം വാർഷികം ഒരു കൊല്ലംമുമ്പ് നാം ആഘോഷിച്ചു. ആ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സാഹിത്യമത്സരത്തിലെ ജേതാവിന് ഈ ചടങ്ങിൽ പുരസ്കാരം നൽകിയിരിക്കുകയാണ്.

**ഒറ്റവാക്കുകൊണ്ട്, അഥവാ ഒരഭിസംബോധനകൊണ്ട് ഒരു കാവ്യ മപ്പാടെ നമ്മുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന അനുഭവമാണ് വീണപൂവ് പ്രദാനം ചെയ്യുന്നത്. ഞെട്ടറുന്നുവീണ ഒരു പൂവിൽ മനുഷ്യന്റെ ഉദയാസ്തമയങ്ങളപ്പാടെ ദർശിക്കുകയാണ് ആശാൻ.**

**"ഹാ പുഷ്പമേ, അധിക തുംഗ പദത്തിലെത്ര**
**ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ**
**ശ്രീഭൂവിലസ്ഥിര അസംശയം - ഇന്നു നിന്റെ**
**യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ" എന്നുതുടങ്ങി**

**"കണ്ണേ മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു**
**മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ**
**എണ്ണീടുകാർക്കു മിതുതാൻ ഗതി, സാദ്ധ്യമെന്തു**
**കണ്ണീരിനാൽ, അവനി വാഴ്‌വു കിനാവു കഷ്ടം"**

**എന്ന് കാവ്യം അവസാനിപ്പിക്കുമ്പോൾ വീണപൂവിൽ മനുഷ്യ ജീവിതം എന്ന വലിയ സംഗതിയാണ് പ്രതിപാദ്യമെന്ന് നാം വീണ്ടും വീണ്ടും ഉൾക്കൊള്ളുന്നു. ഒരു കാവ്യത്തിന്റെ ശതാബ്ദി നാടെങ്ങും ആഘോഷിക്കുക എന്നത് സവിശേഷമായ സംഗതിയാണ്. കാവ്യരംഗത്ത് ഒരു വഴി മാറി നടപ്പിന് തുടക്കം കുറിച്ചു എന്നതിനാലാണത്.**

**കുമാരനാശാൻ ഒരു മഹാകവി മാത്രമല്ല, നമ്മുടെ കേരളത്തിലെ ഏറ്റവും പ്രമുഖനായ സാമൂഹ്യ പരിഷ്കർത്താവുമാണ്. ശ്രീനാരായണ ഗുരുവിന്റെ പ്രിയ ശിഷ്യനായ ആശാൻ ജാതിക്കെതിരായ പ്രസ്ഥാനത്തിൽ നെടുനായകത്വം വഹിച്ചു. ശ്രീനാരായണ ധർമ്മ**

പരിപാലന യോഗത്തിന്റെ പ്രഥമ കാര്യദർശി എന്ന നിലയിൽ കേരളത്തിലുടനീളം സഞ്ചരിച്ച് ജാതിക്കും അതുമായി ബന്ധപ്പെട്ട ഉച്ചനീചത്വങ്ങൾക്കുമെതിരെ അദ്ദേഹം ജനങ്ങളെ സംഘടിപ്പിച്ചു. അങ്ങനെ യുഗസ്രഷ്ടാവായ മഹാകവിയായിരിക്കെത്തന്നെ സാമൂഹ്യമാറ്റത്തിനുള്ള പ്രത്യക്ഷ സമര-സംഘടനാ പ്രവർത്തനങ്ങളുടെയും നായകനായി ആശാൻ നിറഞ്ഞു നിന്നു.

"നരനു നരനശുദ്ധ വസ്തുപോലും
ഹരഹര ഇതുപോലെ വല്ല നാടുമുണ്ടോ"

എന്നാണ് ആശാൻ അന്ന് തന്റെ കവിതയിലൂടെ ഉച്ചത്തിൽ വിളിച്ചു ചോദിച്ചത്.മനുഷ്യനെ വരിഞ്ഞു മുറുക്കുകയും വേർതിരിച്ചു നിർത്തി അവഗണിക്കുകയും അവഹേളിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന അന്യായങ്ങളെ, തിന്മകളെ അദ്ദേഹം വെല്ലുവിളിച്ചു.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയ, മല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ" എന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു.

സ്നേഹഗായകനാണ് മഹാകവി ആശാൻ. "സ്നേഹത്തിൽനിന്നുദിക്കുന്നൂ ലോകം, സ്നേഹത്താൽ വൃദ്ധി തേടുന്നു" എന്നും 'സ്നേഹമാണഖില സാരമൂഴിയിൽ സ്നേഹ സാരമിഹ സത്യമേകമാം' എന്നുമാണ് ആശാൻ ചൂണ്ടിക്കാട്ടിയത്.

ജാതീയമായ ഉച്ചനീചത്വങ്ങളെ ചോദ്യം ചെയ്യുക മാത്രമല്ല ആശാൻ ചെയ്തത്. "നെല്ലിൻ ചുവട്ടിൽ വളരുന്ന കാട്ടുപുല്ലല്ല സാധു പുലയൻ" എന്ന് അധ:സ്ഥിത വർഗത്തിന്റെ, മണ്ണിൽ പണി യെടുക്കുന്നവരുടെ ആത്മബോധത്തെ ശക്തമായി ഉയർത്തിപ്പിടി ക്കുകയും ചെയ്തു. എല്ലാവിധ ആധിപത്യങ്ങളെയും അദ്ദേഹം വെറുത്തു. പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം എന്ന പ്രഖ്യാപനം അദ്ദേഹം നടത്തിയത് പിൽക്കാലത്ത് പുരോഗ മനവാദികളുടെ മുദ്രാവാക്യമായി.

സ്ത്രീ പുരുഷ സമത്വത്തിനു വേണ്ടി ശക്തമായി തൂലിക ചലി പ്പിച്ച മഹാനുഭാവനാണ് ആശാൻ. ചിന്താവിഷ്ടയായ സീത എന്ന മഹത്തായ കാവ്യത്തിൽ സീത രാമനെ പരസ്യവിചാരണ നടത്തു കയാണ്. നാട്ടാചാരങ്ങൾക്കും അപവാദ പ്രചാരണങ്ങൾക്കും വഴങ്ങി സ്വപത്നിയെ, അതും ഗർഭിണിയായ പത്നിയെ കൊടും കാട്ടിൽ ഉപേക്ഷിച്ച രാമൻ പുരുഷാധിപത്യത്തിന്റെ നീതി, അതാ യത് സാമൂഹ്യമായ അനീതിയാണ് ഉയർത്തിപ്പിടിക്കുന്നതെന്ന് സീത ആക്ഷേപിക്കുന്നു. വാല്മീകി രാമായണത്തെ സ്ത്രീസ മത്വ ചിന്തയോടെ നോക്കിക്കണ്ടതിന്റെ ഫലമാണ് ചിന്താവിഷ്ട യായ സീത.

എല്ലാ അർത്ഥത്തിലും മാറ്റത്തിന്റെ കവിയാണ് ആശാൻ. ആശയ ലോകത്തും കാവ്യശൈലിയിലുമെല്ലാം മാറ്റങ്ങളുടെ വിത്താണ ദ്ദേഹം പാകിയത്. സാമൂഹ്യ വിപ്ലവത്തിന്റെ കവിയാണദ്ദേഹം.

ആശാന്റെ കവിതകൾ വീണ്ടുംവീണ്ടും വായിക്കുന്നത് പുതിയ പുതിയ അർഥങ്ങളിലേക്കും അനുഭൂതികളിലേക്കും നയിക്കുകയും

**സ്വയംനവീകരണത്തിന് പ്രചോദനമാവുകയും ചെയ്യുമെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് നിർത്തുന്നു.**

നന്ദി, നമസ്ക്കാരം..

☆☆☆☆☆☆